**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5028** **15/11/2019- ൽ മറുപടിയ്ക്ക്**

**ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി.കൃഷ്ണൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| ഡാറ്റാ ബാങ്കുകളിലെ അപാകതകൾ പരിഹരിക്കുന്നതിനും അനുബന്ധത്തിൽ ഉൾപ്പെട്ടിട്ടുള്ള പുരയിടങ്ങൾ ഒഴിവാക്കുന്നതിനുമായി കൃഷിഭവനുകളിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കി കുറ്റമറ്റ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ? | 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ അപാകതകൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിന് പൊതു ജനങ്ങൾക്ക് പുനപരിശോധനാ അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ പ്രാദേശികതല നിരീക്ഷണ സമിതി സ്ഥലം പരിശോധിച്ച് ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ട ഭൂമി ഒഴിവാക്കുന്നതിനുള്ള നടപടികളും അവ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു.<br>ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനായി 2,28,905 അപേക്ഷകൾ ലഭിയ്ക്കുകയും, ആയതിൽ 1,01,433 അപേക്ഷകൾ തീർപ്പു കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ തീർപ്പു കൽപ്പിച്ച് കുറ്റമറ്റ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. |

Sreelatha

**സെക്ഷൻ ഓഫീസർ**